# 9
# അവസാനത്തെ അഭിപ്രായങ്ങൾ
## (5:12-14)

**[12]നിങ്ങളെ പ്രബോധിപ്പിച്ചും നിങ്ങൾ ഈ നിൽക്കുന്നത് ദൈവത്തിന്റെ സത്യകൃപയിൽ ആകുന്നു എന്നു സാക്ഷീകരിച്ചുകൊണ്ട് ഞാൻ നിങ്ങൾക്ക് വിശ്വസ്ത സഹോദരൻ എന്ന് നിരുപിക്കുന്ന സില്വാനോസ് മുഖാന്തരം ചുരുക്കത്തിൽ എഴുതിയിരിക്കുന്നു. [13]നിങ്ങളുടെ സഹവ്രതയായ ബാബിലോനിലെ സഭയും എനിക്കു മകനായ മർക്കൊസും നിങ്ങൾക്ക് വന്ദനം ചൊല്ലുന്നു. [14]സ്നേഹചുംബനത്താൽ തമ്മിൽ വന്ദനം ചെയ്വിൻ.**

**വാക്യം 12.** തീർച്ചയില്ലെങ്കിലും, പ്രവൃത്തികളുടെ പുസ്തകത്തിൽ പറയുന്ന ശിലാസ് ഈ **സില്വാനോസ്** ആയിരിക്കുവാൻ സാധ്യതയുണ്ട്. പൗലൊസ് തന്റെ ലേഖനങ്ങളിൽ ശിലാസിനെ കുറിച്ച് പറയുന്നില്ലെങ്കിലും മൂന്നു പ്രാവശ്യം സില്വാനോസിനെ കുറിച്ച് പറയുന്നുണ്ട് (2 കൊ. 1:19; 1 തെസ്സ. 1:1; 2 തെസ്സ. 1:1). യാത്രാസംഘത്തിലുൾപ്പെട്ടിരുന്ന ആൾ ഇത് തന്നെ. എൻ ഐവിയുടെ തർജ്ജിമക്കാർ "ശിലാസ്" എന്നു പറഞ്ഞിരിക്കുന്ന വ്യക്തി ഇതു തന്നെയാണ്.[1] അതേ പേർ തന്നെയാണ് ലാറ്റിനിലും. റോമൻ ഇതിഹാസത്തിൽ, അവരുടെ വന ദേവനാണ് "സില്വാനോസ്." റോമൻ കൃഷിക്കാർ കൃഷി സ്ഥലം ഒരുക്കി വനത്തിൽനിന്നു തിരിച്ചുവരുമ്പോൾ അവിടെ യാഗപീഠം പണിത് ദേവന്റെ സ്ഥലം അതിക്രമിച്ച് കടന്ന കോപം ശമിപ്പിക്കുവാൻ യാഗവും അർപ്പിച്ചിരുന്നു. റോമാക്കാർക്ക് "ട്രാൻസിൽവാനിയ" എന്ന പ്രദേശം ഉണ്ടായിരുന്നു, അത് വനത്തിന് അപ്പുറമായിരുന്നു. ശിലാസ് പൗലൊസിന്റെ യാത്രാസംഘത്തിലുണ്ടായിരുന്നതിനാൽ, അത് "സില്വാനോസ്" ആയിരിക്കയും ചെയ്യുമ്പോൾ, ഒരു നല്ല യെഹൂദ ദമ്പതികൾ അവരുടെ മകന് റോമൻ ദേവന്റെ പേരിടുന്നത് രസകരമാണ് (പ്രവൃ. 15:32). എങ്ങനെയായാലും, ആധുനിക ആചാരമനുസരിച്ച് അത് ദൈവദൂഷണമല്ല. ഒരമ്മ തന്റെ മകൾക്ക് ഡയാന എന്നു പേർ വിളിക്കുമ്പോൾ, അത് റോമൻ ദേവതയെ അനുസ്മരിക്കുന്ന ചിന്ത അവളിൽ കാണുകയില്ല. അങ്ങനെ ഒരു ദേവത ഉള്ളതായിട്ടുപോലും അവൾ അറിഞ്ഞിരിക്കുകയില്ല. ആധുനിക കാലത്തെ ഒരമ്മ തന്റെ മകൾക്ക് ഡയാന എന്നു പേരിടുന്നതുപോലെയാണ് ഒരു പ്രവാചകന്റെ അമ്മ സില്വാനോസ് എന്നു പേരിട്ടിരുന്നത്. പകരം "സില്വാനോസ്" യെഹൂദൻ-അല്ലാത്ത അപ്പനും യെഹൂദയായ അമ്മക്കും ജനിച്ച്, അവൻ ഒരു യെഹൂദൻ ആയിരിക്കാം. "സില്വാനോസ്" എന്നത് റോമൻ ദേവന്റെ പേർ ആയിരുന്നതിനാലും, പ്രവൃത്തികളുടെ പുസ്തകത്തിൽ പറഞ്ഞ ശിലാസ് അല്ല എന്നു കരുതുവാൻ വേറെ കാരണങ്ങളില്ല.

പത്രൊസിനു വേണ്ടി ലേഖനം എഴുതിയ ശാസ്ത്രിയല്ല, ലേഖനം കൊണ്ടുപോയത് സില്വാനോസ് തന്നെയാണെന്ന് *ഡയാ* എന്ന പ്രിപൊസിഷൻ എടുത്ത് വെയിൻ ഏ. ഗ്രൂഡെം ശക്തമായി വാദിച്ചിരിക്കുന്നു. ഒരു ലേഖനം കൊണ്ടുപോകുന്നതിന് ഉപയോഗിച്ച വാക്ക് പുരാതന ലേഖകരുടെ എഴുത്തുകൾ

കൊടുത്തയച്ചതിനു ഉപയോഗിച്ചിരുന്ന വാക്കുകൾ സൂചിപ്പിച്ച് പറഞ്ഞിരിക്കുന്നു.[2] അദ്ദേഹത്തിന്റെ തെളിവുകൾ തള്ളിക്കളയാവുന്നതല്ല. ലേഖനത്തിലെ ശ്രേഷ്ഠമായ ഗ്രീക്ക് ശൈലി കണക്കിലെടുക്കണം. മുക്കുവനായിരുന്ന പത്രൊസിന് മുൻപ് വളരെ കുറച്ച് വിദ്യാഭ്യാസം മാത്രമെ ലഭിച്ചിരുന്നുള്ളു എന്നത് തള്ളിക്കളയുന്നത് തെറ്റാണെന്ന് ഗ്രൂഡെം വാദിച്ചിരുന്നു.[3] ഒരുപക്ഷെ 2 പത്രൊസിന്റെ ലേഖനത്തിൽ, ഇതിലെ ശൈലിയിൽനിന്നു വ്യത്യസ്തമായ ശൈലിയായിരിക്കാം. രണ്ടും പത്രൊസ് തന്നെയാണോ എഴുതിയത്? കൂടാതെ, പത്രൊസും അവന്റെ മീൻപിടിക്കുന്ന കൂട്ടുകാരും ലേഖനം എഴുതുന്നതിൽ പ്രാവീണ്യം നേടിയിരുന്നു എന്നു വാദിക്കുന്നില്ല. അവർ അങ്ങനെ ആയിരുന്നില്ല എന്ന് പ്രവൃത്തികൾ 4:13 വ്യക്തമാക്കുന്നു. സില്വാനോസ് അല്ല പത്രൊസിന്റെ ശാസ്ത്രി എങ്കിൽ പിന്നെ ആരാണ് പത്രൊസിനു വേണ്ടി ലേഖന വാക്കുകൾ എഴുതിയത്, സ്പഷ്ടമായിട്ടും മറ്റാരെങ്കിലും വേണം. "സില്വാനോസ്" തന്നെയാണ് ലേഖനം പകർത്തിയെഴുതിയതും കൊണ്ടുപോയതും എന്നു വിശ്വസിക്കാതിരിക്കുന്നത് പ്രയാസമാണ്.

താൻ എഴുതിയതിന്റെ ഉദ്ദേശം അപ്പൊസ്തലൻ തിരിച്ചറിഞ്ഞിരുന്നു. ആ ചെറിയ ലേഖനം അവർ **ദൈവത്തിന്റെ സത്യ കൃപയിലാണ് നിൽക്കുന്നതെന്ന് അവരെ പ്രബോധിപ്പിക്കുന്നതിനായിരുന്നു** എന്നു പറഞ്ഞിരിക്കുന്നു. ഒരു പ്രവൃത്തിയിൽ ആരെങ്കിലും സ്ഥിരമായിരിക്കുന്നതിനു വേണ്ടിയാണ് പ്രബോധിപ്പിക്കുന്നത്. ലേഖനത്തിലുടനീളം പത്രൊസിന്റെ പ്രബോധനം കാണാം. അവൻ വിശുദ്ധിക്കും (1:14, 15), കീഴടങ്ങുന്നതിനും (2:13, 18; 3:1; 5:5) താഴ്മക്കും (5:6), കൂടാതെ അസംഖ്യം വർഗപരവും വിശ്വാസ-പരവുമായ കാര്യങ്ങൾക്കായി പ്രബോധിപ്പിച്ചിരിക്കുന്നു.

രണ്ടാമത്തെ വാക്ക് "സാക്ഷ്യപ്പെടുത്തൽ" പ്രത്യേക താൽപര്യമുള്ളതാണ്. അത് തർജിമ ചെയ്തിരിക്കുന്നത് സംയുക്ത വാക്ക് *എപിമാർടുരേയോ* ആണ്, അതേ രീതിയിലുള്ള വാക്കാണ് 5:1-ൽ "സാക്ഷി" എന്നു തർജ്ജിമ ചെയ്തിരിക്കുന്നത്. സാക്ഷികൾ സാക്ഷീകരിക്കുന്നതിനാണ്. താൻ കർത്താവിനോടുകൂടെ ആയിരുന്നതുകൊണ്ട് തന്റെ വായനക്കാരെ ഓർപ്പിക്കുവാനായിരിക്കാം പത്രൊസ് ആ വാക്ക് തിരഞ്ഞെടുത്തത്. 5:1-ൽ മാത്രമല്ല, 2:23, 24 ലും കർത്താവിനോടുകൂടെ ഉണ്ടായിരുന്ന ഒരാളെ പോലെയാണ് സംസാരിച്ചത്, അവൻ പഠിപ്പിച്ചതു കേൾക്കുകയും, അവൻ മരിക്കുന്നതു കാണുകയും ചെയ്തിരുന്നു. അതിനേക്കാളുപരി, അവൻ മരിച്ചവരിൽനിന്നും ഉയർത്തെഴുന്നേറ്റതിനും സാക്ഷിയായിരുന്നു. ഒരു സഹോദരൻ മാത്രമല്ല, ഒരു സാക്ഷിയുമായിരുന്നു. "ഇതാണ് ദൈവത്തിന്റെ സത്യ കൃപ" എന്നു തന്റെ വായനക്കാരോട് പത്രൊസിനു പറയുവാൻ കഴിഞ്ഞിരുന്നു. തന്റെ കൃപയുടെ ധനം മുഴുവൻ ദൈവം നസ്രേത്തുകാരനായിരുന്ന യേശുവിൽ വെളിപ്പെടുത്തിയിരുന്നു. പാപത്തിൽ മാത്രം ബഹുമതിയുള്ള ആളുകൾക്ക് തന്റെ അവസാനിക്കാത്ത സ്നേഹം അവൻ പ്രദർശിപ്പിച്ചു. അവൻ പാപമോചനവും നിത്യജിവന്റെ പ്രത്യാശയും മാത്രമല്ല അവന്റെ പ്രത്യക്ഷതയിൽ നേടിയത്, പിന്നെയോ ആളുകൾക്ക് നല്ലതും തൃപ്തികരവുമായ ജീവിതം നയിക്കുവാനുള്ള വഴിയും കാണിച്ചു. തന്നിൽ ആശ്രയിക്കുന്നവർക്ക് വർത്തമാന കാലത്തിൽ തന്നെ അവന്റെ രാജ്യം പ്രാപ്തമാക്കി "കഴിഞ്ഞു," എന്നാൽ വിശ്വസിക്കുന്നവർക്ക് നിത്യതേജസ് "വരുവാനിരിക്കുന്നതേയുള്ളു."

തന്റെ വായനക്കാർക്കുള്ള പ്രബോധനത്തിൽ **ഉറച്ചു നിൽപിൻ** എന്നും

കൂട്ടി ചേചർത്തിരിക്കുന്നു. “ദൈവത്തിന്റെ വാസ്തവത്തിലുള്ള കൃപയിൽ” ഉറച്ചു നിൽപാനായിരുന്നു പത്രൊസ് ക്രിസ്ത്യാനികളോട് അപേക്ഷിച്ചത്. അന്യദേവന്മാരെ നമസ്ക്കരിച്ചവരിൽനിന്നുള്ള പരീക്ഷണവും, സഹ വിശ്വാസികളിൽനിന്നുള്ള നിരുൽസാഹപ്പെടുത്തലും, പാപം ചെയ്യുവാനുള്ള പ്രലോഭനങ്ങളും ക്രിസ്ത്യാനികളെ ചഞ്ചലപ്പെടുത്തിയിരുന്നു. പാപത്തെ പ്രതിരോധിക്കുവാൻ ക്രിസ്ത്യാനികൾ സ്വയമായി അഭ്യസിക്കുകയും ക്രിസ്തുവിൽ “ഉറച്ചു നിൽക്കുകയും” വേണമായിരുന്നു. സ്നാനത്തിൽകൂടെ അനേകായിരം പേർ ക്രിസ്തുവിനെ ധരിക്കുകയും ജീവന്റെ പ്രത്യാശയും സന്തോഷവും പങ്കിടുകയും ചെയ്തശേഷം പലരും താൽപര്യമില്ലായ്മയും നിരുൽസാഹവും നിമിത്തം അവർ രക്ഷിക്കപ്പെട്ട ആദ്യ അവസ്ഥയിലേക്ക് മടങ്ങി പോകുവാൻ ആരംഭിച്ചു (2 പത്രൊ. 2:20).

**വാക്യം 13.** വിഷമപ്രശ്നമുള്ള ഒരു പ്രയോഗത്തോടെയാണ് പത്രൊസ് അവസാനിപ്പിക്കുന്നത്. ആ പ്രയോഗം അക്ഷരാർത്ഥത്തിൽ ഇങ്ങനെ തർജ്ജിമ ചെയ്തിരിക്കുന്നു, “ദ ഇൻ ബാബിലോൻ ഗ്രീറ്റ്സ് യു.” “ദ” എന്ന വാക്ക് (*ഹേ*) എന്ന ഗ്രീക്ക് ആർട്ടിക്കിൾ വരുന്നത് ഒരു സ്ത്രീലിംഗ നാമത്തിനു മുൻപാണ്. ചില സന്ദർഭങ്ങളിൽ അത് “ബാബിലോനിലെ സ്ത്രീ” എന്നാണ്, പക്ഷെ തന്റെ വായനക്കാർക്ക് നന്നായി-അറിയാവുന്ന ഒരു സ്ത്രീയെ പത്രൊസ് പരിചയപ്പെടുത്തുക എന്നത് സാധ്യതയില്ലാത്തതാണ്. “സഭ” എന്നതിനുള്ള ഗ്രീക്ക് വാക്ക് (*എക്ലേസിയ*) ഒരു സ്ത്രീലിംഗ വാക്കാണ്. പൗലൊസ് സഭയെ ക്രിസ്തുവിന്റെ മണവാട്ടി എന്നാണ് പറഞ്ഞിരിക്കുന്നത്. ബാബിലോനിലെ സഭയെയാണ് പത്രൊസ് പറയുന്നത് എന്ന് പുതിയനിയമ വിദ്യാർത്ഥികൾ മിക്കപേരും വിശ്വസിക്കുന്നു. എങ്ങനെയായാലും, **ബാബിലോനിലുള്ളവൾ എന്ന്** ഇംഗ്ലീഷിൽ തർജ്ജിമ ചെയ്ത് എൻഎഎസ്ബി മറ്റൊരു വ്യാഖ്യാനത്തിനു ഇടം കൊടുക്കാതിരിക്കുന്നു.“സഭ എന്നത്” ചരിച്ചെഴുതിയിരിക്കുന്നുവെങ്കിലും, “ബാബിലോനിലുള്ള സഭ” എന്നു തർജ്ജിമ ചെയ്യുവാൻ കെജെവി ധൈര്യം കാണിച്ചിരിക്കുന്നു. ആ വാക്കുകൾ ഗ്രീക്കിൽ ഇല്ല എന്നാണ് അത് സൂചിപ്പിക്കുന്നത് എൻആർഎസ്വിയിൽ, “ബാബിലോനിലെ നിങ്ങളുടെ സഹോദരീ സഭ” എന്നാണ്.

അവൻ താമസിച്ചിരുന്ന പട്ടണത്തിലുള്ളവരുടെ വന്ദനം പത്രൊസ് എഴുതി അയച്ചിരിക്കുവാനാണ് സാധ്യത. അത് പറഞ്ഞുവെങ്കിലും, വായനക്കാരനാണ് അപ്പോഴും “ബാബിലോൻ” എന്താണെന്ന് മനസിലാക്കേണ്ടത്. സാധാരണ ഒരു വാക്ക് അതിന്റെ മുഖവിലക്ക് എടുക്കുകയാണ് പതിവ്. ബാബിലോൻ എന്നു കേൾക്കുമ്പോൾ, “യെരുശലേം” എന്നു ഒരു പട്ടണത്തെ അറിയപ്പെടുന്നതുപോലെ ഒരു പട്ടണമാണെന്ന് അക്ഷരികമായി നാം വിചാരിക്കും. എങ്ങനെയായാലും, വാക്കുകൾ ചിലപ്പോൾ രൂപകാലങ്കാരമായി ഉപയോഗിച്ചിട്ടുണ്ട്-അവക്ക് അക്ഷരികമായ അർത്ഥത്തേക്കാൾ പ്രാധാന്യം ഉണ്ടായിരിക്കും. ഒരു വാക്ക് ആലങ്കാരികമായിട്ടാണോ അതോ അക്ഷരികമായിട്ടാണോ ഉപയോഗിച്ചിരിക്കുന്നത് എന്ന് സന്ദർഭം മാത്രമെ വെളിപ്പെടുത്തുകയുള്ളു. റോമിന്റെ രൂപകാലങ്കാരമായിട്ടാണ് പത്രൊസ് “ബാബിലോൻ” എന്ന വാക്ക് ഉപയോഗിച്ചത് എന്നു വിശ്വസിക്കുവാൻ മതിയായ കാരണങ്ങളുണ്ട്.

പത്രൊസ് ഉപയോഗിച്ചത് ആലങ്കാരികമാണെന്ന് ഉറപ്പിച്ചാൽ ചോദിക്കേണ്ട ചോദ്യം ഇതാണ്, “ബാബിലോൻ പട്ടണം എന്നു പറയുമ്പോൾ അവൻ റോമിനെ കുറിച്ച് എന്താണ് പറയുന്നത്?” പഴയ നിയമത്തിലെ ബാബിലോൺ

എന്നു കേൾക്കുമ്പോൾ ഓർമ്മ വരുന്നത്, ദൈവ ജനത്തെയും, ദൈവാലയ ത്തേയും, ദൈവത്തിന്റെ പട്ടണത്തെയും നശിപ്പിച്ച പട്ടണത്തെയാണ്. യെഹൂ ദന്മാർക്ക് ആ പട്ടണത്തോടുണ്ടായിരുന്ന കയ്പ്പിനെ സങ്കീർത്തനക്കാരൻ വെളിപ്പെടുത്തിയിരിക്കുന്നു, "നാശം അടുത്തിരിക്കുന്ന ബാബേൽ പുത്രിയേ, നീ ഞങ്ങളോട് ചെയ്തതുപോലെ നിന്നോട് ചെയ്യുന്നവൻ ഭാഗ്യവാൻ. നിന്റെ കുഞ്ഞുങ്ങളെ പിടിച്ച് പാറമേൽ അടിച്ചുകളയുന്നവൻ ഭാഗ്യവാൻ" (സങ്കീ. 137:8, 9). ദൈവജനത്തെ നശിപ്പിച്ച "ബാബിലോൻ" പോലെ ആയിരുന്നു റോം എന്നാണ് പത്രൊസ് വിചാരിച്ചത്.

റോമിനെ "ബാബിലോൻ" എന്നു തിരിച്ചറിയിക്കുന്നതിന് രണ്ട് ചരിത്രപ രമായ ചോദ്യങ്ങൾ ചോദിക്കണം. പത്രൊസിന്റെ വായനക്കാർ അനുഭവിച്ച കഷ്ടങ്ങൾക്ക് ഏതെങ്കിലും വിധത്തിൽ റോമൻ ഉദ്യോഗസ്ഥർ കാരണമാ യിരുന്നോ? സാമ്രാജ്യം മുഴുവൻ ചക്രവർത്തി ഒരു രാജശാസന ഈ കാര്യ ത്തിൽ പുറപ്പെടുവിച്ചിരിക്കുവാൻ സാധ്യതയില്ല. പത്രൊസ് ഇത് എഴുതിയ പ്പോൾ, 60കളുടെ-മദ്ധ്യത്തിൽ, ക്രിസ്ത്യാനികൾക്കെതിരായി റോമൻ ഉദ്യോ ഗസ്ഥരിൽനിന്ന് വിശ്വാസികളുടെ ജീവിതം ദുസഹമാക്കിയ സംഭവങ്ങൾക്ക് പ്രേരണ കൊടുത്തിരിക്കാം. പത്രൊസിന്റെ ആദ്യവായനക്കാർ അനുഭവിച്ച കഷ്ടങ്ങൾക്ക് ഇന്നത്തെ ആധുനിക പഠനങ്ങൾപ്പുറമായി ഔദ്യോഗിക റോമിന്റെ സംഭാവന തള്ളിക്കളയാവുന്നതല്ല.

"ബാബിലോനെ" റോം ആയി തിരിച്ചറിയുന്ന കാര്യത്തിലെ രണ്ടാമത്തെ ചോദ്യം, റോമൻ ശക്തിയുമായുള്ള ബന്ധത്തിൽ ക്രിസ്ത്യാനികൾ തങ്ങളെ എങ്ങനെ കണ്ടു എന്നതാണ്. റോം സാമ്രാജ്യത്തെ എങ്ങനെ ഭരിച്ചിരുന്നതാ യിട്ടാണ് അവർ കണ്ടത്? അവർ അതിനെ ഹിതകരമായിട്ടായിരുന്നോ സ്വീക രിച്ചിരുന്നത്, അല്ലെങ്കിൽ റോമിന്റെ അഭക്തിയും ദുഷ്ക്കാമ പ്രവൃത്തികളും അവരുടെ ഉള്ളിൽ പ്രവഹിച്ചിരുന്നോ? പഴയനിയമകാലത്ത് "ബാബിലോൻ" ദൈവജനത്തെയും ദൈവത്തിന്റെ പട്ടണത്തെയും നശിപ്പിക്കുക മാത്രമല്ല ചെയ്തത്, പിന്നെയോ ലൈംഗിക പാപവും വിഗ്രഹാരാധനയും ആളുകളെ ക്കൊണ്ട് ചെയ്യിച്ചിരുന്നു. ക്രിസ്ത്യാനികൾക്ക് റോമിനെ കുറിച്ച് മോശ മായ കാഴ്ച്ചപ്പാടുണ്ടായിരിക്കുകയും ക്രിസ്ത്യാനികളുടെ പുതിയ മതത്തെ നിന്ദിക്കുകയും ചെയ്ത് പുതിയ മതത്തെ എങ്ങനെയെങ്കിലും ഇല്ലാതാക്കുവാനു ള്ള ശ്രമം റോമിന്റെ ഭാഗത്ത് നിന്നും ഉണ്ടായിക്കാണും.

ഇതെല്ലാം സംഭവിച്ചുകൊണ്ടിരിക്കുമ്പോൾ, 2:13-17 മായി ചേർത്തു വായി ക്കുന്നത് വളരെ പ്രയോജനം ചെയ്യുന്നതാണ് അധികാരസ്ഥാനങ്ങളിലുള്ള വർക്ക് കീഴടങ്ങിയിരിപ്പിൻ എന്നത്. 5:13-ൽ പറയുന്ന "ബാബിലോൻ" എല്ലാ "മാനുഷ സ്ഥാപനങ്ങളെയും" ഉൾപ്പെടുത്തിയിരിക്കുകയാണ് (2:13), രണ്ടും യോജിക്കുന്നില്ലെങ്കിൽ പോലും. "കർത്താവിൻ നിമിത്തം ബാബിലോന് കീഴ്പ്പെടുക" എന്നു പത്രൊസ് പറഞ്ഞു എങ്കിലോ? ക്രിസ്തീയ വിശ്വാസ ത്തിന്മേലും ആശയത്തിന്മേലും കടന്നു കയറുവാനുള്ള സാമ്രാജ്യത്തിന്റെ അധാർമ്മികത മനസിൽ വെച്ചുകൊണ്ടായിരിക്കാം പത്രൊസ് റോമിനെ "ബാബിലോൻ" എന്നു വിളിച്ചത്. കൂടാതെ അവൻ തന്റെ വായനക്കാരോട് പങ്ക് വെച്ച നിഷേധ അഭിപ്രായം, ക്രിസ്തീയ വിശ്വാസത്തോടുള്ള റോമിന്റെ പ്രതികരണം നിമിത്തം റോമാ ലോകത്തേക്ക് വിശ്വാസം വ്യാപരിക്കുവാനിട യായതും വിസ്മരിക്കാതെയാണ് പ്രകടിപ്പിക്കുന്നത്.

തന്റെ വായനക്കാരെ "തിരഞ്ഞെടുക്കപ്പെട്ടവർ" എന്നു വിളിച്ചുകൊണ്ടാണ്

പത്രൊസ് ഈ ലേഖനം ആരംഭിക്കുന്നത്. ഇവിടെ അവസാനം ആ വാക്ക് ഉപയോഗിച്ചിരിക്കുന്നത് പ്രസക്തമാണ്. ബാബിലോനിലെ സഭയും **അവരെ പോലെ തിരഞ്ഞെടുക്കപ്പെട്ടവരാണ്**. ദേശമായ യിസ്രായേലിൽനിന്ന് ദൈവത്തിന്റെ പുതിയ യിസ്രായേലിലേക്കുള്ള മാറ്റത്തെ സൂചിപ്പിക്കുന്ന വാക്കുകൾ പൗലൊസിനെ പോലെ പത്രൊസും ഉപയോഗിച്ചിരിക്കുന്നു. സാധ്യമായ സമയങ്ങളിലെല്ലാം ലോകമെങ്ങുമുള്ള സഹോദരങ്ങൾ അന്യോന്യം **വന്ദനം** അറിയിച്ചിരുന്നു. ഭാഷകൾക്കും വർഗപരമായ വ്യത്യാസങ്ങൾക്കെല്ലാം അപ്പുറമായി പൊതുവായി വിശ്വാസികൾ ദൈവനാമം ലോകത്തിൽ മഹിമപ്പെടുവാൻ ഐകമത്യത്തിലായിരുന്നു.

തന്റെ കൂടെയുണ്ടായിരുന്ന മറ്റുള്ളവരുടെ പേർ പറയാതെ പത്രൊസ് **മർക്കൊസിന്റെ** മാത്രം "വന്ദനം" പറയുന്നത് താൽപര്യം ജനിപ്പിക്കുന്നു. "മർക്കൊസ്" ഒരു പൊതുവായ റോമൻ പേരായിരുന്നു. സുവിശേഷം എഴുതിയ മർക്കൊസ് ആണോ ഈ മർക്കൊസ് എന്ന കാര്യത്തിൽ സംശയമുണ്ട്. അവന്റെ അമ്മ മറിയയുടെ വീട്ടിൽ ആരംഭസമയത്ത് ക്രിസ്ത്യാനികൾ കൂടി വന്നിരുന്നു (പ്രവൃ. 12:12). പൗലൊസിന്റെയും സംഘത്തിന്റേയും ഒന്നാമത്തെ മിഷ്ണറി യാത്രയിൽ മർക്കൊസും അവന്റെ മച്ചുനനുമായിരുന്ന ബർന്നബാസും കൂടെ അനുഗമിച്ചിരുന്നു (കൊലൊ. 4:10), എന്നാൽ അതു പൂർത്തിയാക്കുന്നതിനു മുൻപ് അവൻ തിരിച്ചു പോയി (പ്രവൃ. 13:13). പൗലൊസും പത്രൊസും മരിക്കുന്നതിനു തൊട്ടുമുൻപ് ഏതാനും നാൾ അവൻ അവർ രണ്ടുപേരോടും കൂടെ ഉണ്ടായിരുന്നു (2 തിമൊ. 4:11). അവനെ പ്രിയപ്പെട്ട **എന്റെ മകൻ** എന്നാണ് പത്രൊസ് പറഞ്ഞത്.

**വാക്യം 14.** യേശു പറഞ്ഞതായ ഈ വാക്കുകൾ ക്രിസ്തീയ സമൂഹങ്ങൾക്ക് ബോധ്യമുണ്ടായിരുന്നു. "നിങ്ങൾക്ക് തമ്മിൽ തമ്മിൽ സ്നേഹം ഉണ്ടെങ്കിൽ നിങ്ങൾ എന്റെ ശിഷ്യന്മാർ എന്നു എല്ലാവരും അറിയും" (യോഹ. 13:35). വിശ്വാസികൾക്ക് തമ്മിൽ തമ്മിലുള്ള ബന്ധവും സ്നേഹവും അവർക്കു ചുറ്റുമുള്ള അന്യദേവന്മാരെ നമസ്കരിക്കുന്നവർക്ക് മതിപ്പുളവാകണം. **സ്നേഹചുംബനത്താൽ തമ്മിൽ വന്ദനം ചെയ്വിൻ** എന്നു പറഞ്ഞുകൊണ്ടാണ് പതൊസ് ലേഖനം അവസാനിപ്പിക്കുന്നത്. ചിലപ്പോൾ പൗലൊസും ഇതേ പ്രബോധനത്താലാണ് തന്റെ ലേഖനം അവസാനിപ്പിക്കുന്നത് (റോമ. 16:16; 1 കൊ. 16:20; 2 കൊ. 13:12; 1 തെസ്സ. 5:26).

തിരുവെഴുത്തുകളുടെ പുരാതന രേഖകളുടെ വ്യാഖ്യാനം നോക്കുമ്പോൾ, ആധുനിക വായനക്കാരൻ ചരിത്രപരമായ വാക്കുകൾ സാഹിത്യത്തിൽ ഉപയോഗിച്ചിരിക്കുന്നത് എന്താണോ ഉദ്ദേശിച്ചത് എന്നു മനസിലാക്കണം, എന്നാൽ നൂറ്റാണ്ടുകൾക്ക് ശേഷമുള്ള ആധുനിക ജീവിതത്തിൽ എങ്ങനെ പ്രായോഗികമാക്കണമെന്നും തിരിച്ചറിയണം. തങ്ങളുടെ വായനക്കാരോട് "സ്നേഹ ചുംബനത്താൽ തമ്മിൽ വന്ദനം ചെയ്വിൻ" എന്നു കൽപിച്ചിരിക്കുന്നു. ക്രിസ്തീയ ജീവിതത്തിൽ ഇത് അക്ഷരികമായി പാലിക്കണമെന്ന് ഏതാനും ക്രിസ്ത്യാനികൾ വിശ്വസിക്കുന്നു. "മാനസാന്തരപ്പെട്ട് ... പാപങ്ങളുടെ മോചനത്തിനായി സ്നാനം ഏൽപിൻ" എന്നു കൽപിച്ചിരിക്കുന്നതുപോലെയുള്ള കൽപനയാണ് അത് (പ്രവൃ. 2:38). ഒന്നാം നൂറ്റാണ്ടിലെ സാമൂഹ്യാചാരമായിരുന്നു "സ്നേഹ ചുംബനം." അതിൽ ഉള്ളത് ഊഷ്മളമായ വന്ദനമാണ്, മുഖ്യമായ കാര്യം.

കാരണം അർത്ഥവത്താണ്, എന്നാൽ ഒരു പ്രശ്നം ഉയരാം. ഒരിക്കൽ ആ തത്വം സ്വീകരിച്ചാൽ, ഒന്നാം നൂറ്റാണ്ടിലെ ക്രിസ്ത്യാനികളുടെ പരിശീലനവും

സാമൂഹ്യാചാരവും രണ്ടും രണ്ടാണ്, ഒരു കൽപനയെ സാമൂഹ്യാചാരമായി എടുത്താൽ അത് എത്രത്തോളം ആകാം? ആ ചോദ്യം സങ്കീർണ്ണവും ഇവിടെ കൈകാര്യം ചെയ്താൽ തീരുകയുമില്ല. ബൈബിളിലെ എല്ലാ കൽപനകളും ആധുനിക കാലത്ത് അങ്ങനെ തന്നെ അക്ഷരികമായി എടുക്കുന്നതിൽ അപ്രായോഗികത ഉണ്ടെന്ന് സമ്മതിക്കണം. ചില കൽപനകൾ സാർവ്വലൗകികമാണ്., അതിന് സാമൂഹ്യചാരവുമായി അൽപ ബന്ധം മാത്രമാണുള്ളത്. എന്നാൽ ചില കൽപനകൾ പ്രാദേശികമായ ആചാരങ്ങളുമായി ബന്ധപ്പെട്ടതുമാണ്. ഏതാനും കൽപനകൾ തത്വത്തിൽ പ്രത്യേകമായ സംസ്ക്കാരത്തിൻ കീഴിൽ വരുന്നതുമാണ്. പ്രത്യേകമായ ആചാരം ഓരോ സ്ഥലങ്ങളിൽ വ്യത്യസ്തമായിരിക്കും. വിശ്വാസികൾക്ക് പരസ്പരം ഹൃദയംഗമമായി കൈകൊടുക്കുന്നത് “സ്നേഹചുംബനത്തിന്” തുല്യമാണ്.

ആശിർവ്വാദ ശൈലിയിലുള്ളതാണ് അപ്പൊസ്തലന്റെ അവസാന വാക്കുകൾ. **ക്രിസ്തുവിലുള്ള നിങ്ങൾക്ക് എല്ലാവർക്കും സമാധാനം ഉണ്ടാകട്ടെ**. അവർ “ക്രിസ്തുവിൽ” ആയിരുന്നു എന്നതാണ് പത്രൊസിനും അവന്റെ വായനക്കാർക്കുമുള്ള ഏറ്റവും ഉയർന്ന വില. “ക്രിസ്തുവിൽ” ആകുക എന്നാൽ അവന്റെ ജനമായ സമൂഹത്തോട് ചേരുക എന്നർത്ഥം; അതായത്, അവന്റെ സഭയിൽ അംഗമാകുക എന്നർത്ഥം. കുഞ്ഞാടിന്റെ രക്തത്താൽ പാപങ്ങൾ മോചിച്ച് വീണ്ടെടുക്കപ്പെടുക എന്നാണ് സൂചിപ്പിക്കുന്നത്. അവന്റെ വിശ്വാസവും പ്രത്യാശയും പങ്കിട്ടവരിൽ “സമാധാനവും,” ക്ഷേമവും, നല്ല-ആരോഗ്യവും, അയൽക്കാരോടു യോജിപ്പും ഉള്ളവരാകുവാൻ പത്രൊസ് ആഗ്രഹിച്ചു. അവർക്കെതിരെ ലോകത്തിൽനിന്ന് എന്തു കുഴപ്പങ്ങളുണ്ടായാലും, ക്രിസ്തുവിന്റെ തേജസിന്റെ പ്രത്യക്ഷതയിൽ അവർ വിശ്രമം കണ്ടെത്തും.

---

കുറിപ്പുകൾ

[1]വ്യത്യാസം വരുത്തുവാൻ സന്ദർഭം അനുവദിക്കുന്നില്ലെങ്കിൽ എൻഐവി ബൈബിളിലെ ആളുകൾക്ക് ഒരേ സ്പെല്ലിങ്ങ് ആണ് ഉപയോഗിച്ചിരിക്കുന്നത്. അതുകൊണ്ട് എബ്രായഭാഷയിൽനിന്നു തർജിമ ചെയ്തതാണെങ്കിലും, ഗ്രീക്കിൽ നിന്നു ലിപി മാറ്റിയതാണെങ്കിലും ഒരേ സ്പെല്ലിങ്ങ് ആയിരിക്കും. ഉദാഹഹരണമായി, കേഫാവ്, പത്രൊസ്, ശിമോൻ എന്നീ പേരുകൾ പലപ്പോഴും ഒരു പേരാണെന്ന് എളുപ്പത്തിൽ മനസിലാക്കാം. [2]വെയിൻ ഏ.ഗ്രൂഡെം, *ദ ഫസ്റ്റ് എപ്പിസ്റ്റിൽ ഓഫ് പീറ്റർ: ആൻ ഇൻട്രൊഡക്ഷൻ ആന്റ് കമെന്ററി*, ടിൻഡേൽ ന്യൂ ടെസ്റ്റമെന്റ് കമെന്ററീസ്, വാല്യം. 17 (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷ്ങ് കമ്പനി., 1988), 23-24. [3]ഇബിഡ്., 25-31.